4 (*424) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഫണ്ട്

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ.എം. മാണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് ഫണ്ട് നൽകുന്നതിനുള്ള കേന്ദ്രനിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംസ്ഥാന സർക്കാരിനെ ഏതു വിധത്തിൽ ബാധിക്കുമെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി സംസ്ഥാന സർക്കാർ എന്തുതുക നടപ്പുവർഷം നീക്കിവച്ചു എന്നും അവയുടെ വിനിയോഗത്തിന്റെ പുരോഗതി എപ്രകാരമാണെന്നും ലഭ്യമായ ഏറ്റവും ഒടുവിലത്തെ വിവരമനുസരിച്ച് അറിയിക്കുമോ;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ട് യഥാസമയം ലഭ്യമാകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. പാലൊളി മുഹമ്മദുകുട്ടിക്കുവേണ്ടി പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) കേന്ദ്ര ഗവൺമെന്റ് അത്തരത്തിൽ ഒരു നീക്കം ആരംഭിച്ചതായി കേന്ദ്ര ധനകാര്യസ്റ്റേറ്റ് മന്ത്രി ശ്രീ. ധനഞ്ജയ കുമാർ കാസർകോട്ടുവച്ച് പ്രസ്താവന നടത്തിയതായി മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) കേന്ദ്രാവിഷ്കൃത ഫണ്ട് നേരിട്ട് നൽകുന്നതുമൂലം അവയ്ക്കു സ്ഥിരസ്വഭാവം കൈവരികയും ഇത്, കാലക്രമേണ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണവും രൂപവും കുറയ്ക്കുക എന്ന ദേശീയവികസന കൗൺസിൽ തീരുമാനത്തിന് എതിരാവുകയും ചെയ്തു. കേന്ദ്ര ഗവൺമെന്റ് നേരിട്ട് ഇത്തരം നിർദ്ദേശം നൽകുന്നത് ആശാസ്യമല്ല. ഇത്തരം നീക്കം വികേന്ദ്രീകരണം എന്ന ആശയത്തെ തുരങ്കം വയ്ക്കുന്നതാവും.

(സി) നടപ്പുവർഷം 1020 കോടി രൂപ വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി നീക്കിവച്ചിട്ടുണ്ട്. മറ്റിനങ്ങളിൽ 268.13 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഗ്രാമപഞ്ചായത്തുകൾ 31.1.2000 വരെ പ്രാരംഭ ബാക്കിയുൾപ്പടെ 241,50,31,844 രൂപയും, ജില്ലാ പഞ്ചായത്തുകൾ 29.2.2000 വരെ 68,56,54,302 രൂപയും ബ്ലോക്ക് പഞ്ചായത്തുകൾ 31.1.2000 വരെ 5990.30 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. മറ്റിനങ്ങളിൽ നൽകിയ 189.12 കോടി രൂപ ചെലവഴിച്ചു തുടങ്ങിയിട്ടേയുള്ളൂ. മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്കു 169.58 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഇതിൽനിന്നും 29.2.2000 വരെ മൊത്തം 90.57 കോടി രൂപ നഗരസഭകൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി നൽകിയ 70.83 കോടി രൂപയിൽ 31.1.2000 വരെ 51.12 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. മറ്റു പദ്ധതികൾക്കുള്ള തുക ചെലവഴിച്ചു തുടങ്ങിയിട്ടേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ബാധകമല്ല.

<u>ശ്രീ. സി.എഫ്. തോമസ്</u> : നടപ്പുവർഷം 1020 കോടി രൂപ വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായിട്ട് നീക്കിവച്ചിട്ടുണ്ട് എന്ന് പറഞ്ഞു. ഇപ്പോൾ മാർച്ച് മാസം 13 ആയി. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് ഇവയിൽ ചെലവഴിക്കപ്പെട്ട തുക ഞാൻ കൂട്ടി നോക്കിയപ്പോൾ 368 കോടി രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. അങ്ങനെയാണെങ്കിൽ നമ്മുടെ നാട്ടിലുണ്ടാകുന്ന വികസന സ്തംഭനം.....(ബഹളം).....ശരിയല്ലേ? ഒരു കാര്യവും നടക്കുന്നില്ല. ആൻസറാണിത്. മാർച്ച് മാസം പകുതിയായിരിക്കുന്നു. 1020 കോടി രൂപ നീക്കിവച്ചതിൽ 368 കോടി രൂപ മാത്രമേ ചെലവഴിക്കപ്പെട്ടിട്ടുള്ളൂ എങ്കിൽ നമ്മുടെ നാടിന്റെ വികസന രംഗത്തുണ്ടായിരിക്കുന്ന ഗുരുതരമായ സ്തംഭനാവസ്ഥ പരിഹരിക്കാൻവേണ്ടി ഗവൺമെന്റ് എന്തു നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : ജനുവരി വരെയുള്ള കണക്കാണ് ഞാൻ വായിച്ചത്. ഗ്രാമപഞ്ചായത്തും, ബ്ലോക്ക് പഞ്ചായത്തും, ജില്ലാ പഞ്ചായത്തുമുണ്ട്. മുനിസിപ്പാലിറ്റിയും കോർപ്പറേഷനുമുണ്ട്. അത് വ്യത്യസ്ത രീതിയിലാണ് ഉണ്ടായിട്ടുള്ളത്. ജനുവരി വരെയുള്ള കണക്കനുസരിച്ച് 3 ഗഡുക്കൾ കൊടുത്തു കഴിഞ്ഞിട്ടുണ്ട്. ഈ മാസം നാലാം ഗഡു വാങ്ങിക്കൊണ്ടിരിക്കുകയാണ്. പൂർണ്ണമായും ഈ സംഖ്യ ചെലവഴിക്കുകയും നാടിന്റെ മാറ്റത്തിന് ഉപകരിക്കുകയും ചെയ്യും.

<u>ശ്രീ. സി.എഫ്. തോമസ്</u> : രണ്ടാമത്തെ ഭാഗത്ത് മറ്റിനങ്ങളിൽ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്കു 169.58 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട് എന്നു പറഞ്ഞു. ഇതിൽ നിന്നും 90.57 കോടി രൂപ നഗരസഭകൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. അതിന്റെ കൂടെത്തന്നെ വീണ്ടും പറയുന്നു ജനകീയാസൂത്രണത്തിന്റെ ഭാഗമായി നൽകിയ 70.83 കോടി രൂപയിൽ 31.1.2000 വരെ 51.12 കോടി രൂപ ചെലവാക്കിയിട്ടുണ്ടെന്ന്. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി തുടങ്ങിയിടത്ത് രണ്ടു തരത്തിൽ ഈ തുക കൊടുത്തിട്ടുണ്ടെന്നു പറഞ്ഞു. അത് വിശദമാക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : പഞ്ചായത്തുകൾക്ക് പൈസ കൊടുക്കുന്നുണ്ട്. ഒന്ന് പ്ലാൻ ഇനത്തിലും, മറ്റേത് നോൺ പ്ലാൻ ഇനത്തിലും. അതുപോലെ തന്നെ സെൻട്രലി സ്പോൺസേർഡ് സ്കീം ഒക്കെയായിട്ടുള്ള പൈസ ഉണ്ട്. രണ്ടു രീതിയിലാണ്. പ്ലാൻ ഇനത്തിൽ കൊടുക്കുന്ന 1020 കോടി രൂപ കൂടാതെ കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഒക്കെത്തന്നെ പൈസ വേറെയും കൊടുക്കുന്നുണ്ട്. അതാണ് രണ്ടു രീതിയിൽ ഇവിടെ കാണിച്ചിരിക്കുന്നത്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly